"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ (നിലവിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക) സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. പൊൻസിനി.പി-യുടെ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1501/2026/LSGD തിരുവനന്തപുരം,തീയതി:11-08-2026

പരാമർശം:-
1. സ.ഉ(സാധാ).1293/2021/ തസ്വഭവ തീയതി. 08.07.2021
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.04.2026-ലെ LSGD/PD/3049/2025-DEH2 നമ്പർ കത്ത്

**ഉത്തരവ്**

സർക്കാരിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം മുൻ ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് ഉദ്യോഗ കയറ്റം ലഭിച്ച ശ്രീമതി. പൊൻസിനി.പി-( നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക) 12.07.2021 പൂർവാഹ്നം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിലും നിരീക്ഷണ കാലയളവിൽ ആകെ 161 ദിവസം (suffix ഉൾപ്പെടെ) അർഹതപ്പെട്ട അവധിയിൽ ആയിരുന്നതിനാൽ, 21.06.2022 അപരാഹ്നത്തിലാണ് ആറുമാസ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചിട്ടുള്ളത്. അപ്രകാരം 22.06.2022 പൂർവാഹ്നം പ്രാബല്യത്തിൽ ടിയാൾ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുൻ ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ (നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക) സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. പൊൻസിനി.പി യുടെ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം 22.06.2022 പൂർവാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.പൊൻസിനി.പി, മുൻ അസിസ്റ്റന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by
Sethulal R
Date: 11-08-2026
16:29:45
സെക്ഷൻ ഓഫീസർ